**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാൻ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വ്യത്യസ്തമായ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. പ്രധാനമായും രണ്ടുതരത്തിലുള്ള വിലയിരുത്തലുകളാണ് നടത്തുന്നത്. പഠനബോധന പ്രക്രിയയുമായി ഇഴചേർന്ന് നടത്തുന്ന നിരന്തര വിലയിരുത്തലും ഒരു പ്രത്യേക പാഠഭാഗത്തിന്റെ അവസാനം നടത്തുന്ന ആത്യന്തിക വിലയിരുത്തലും, പ്രസ്തുത വിലയിരുത്തലുകൾ തുടർപ്രക്രിയയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായ പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ തന്നെ പഠനബോധന പ്രക്രിയയുമായി ഇഴചേർന്ന് നിരന്തര വിലയിരുത്തലുകളും ആത്യന്തിക വിലയിരുത്തലുകളും നടത്തി വരുന്നുണ്ട്. അത് ശക്തിപ്പെടുത്തി മുന്നോട്ട് പോകുന്ന തിനാണ് ഉദ്ദേശിക്കുന്നത്. പുതിയ സംവിധാനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ